നം.കെ.എസ്.എ.പി.റ്റി.എ.പി8/1574/2018 തീയതി: 15.12.2018

# പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 14.8.2017മുതൽ 19.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2018 മുതൽ 04.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | ശ്രീ. ജോർജ്ജ് പി മാത്യു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ജയപ്രഭ.പി, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ആശ.എം.കുരുവിള, ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

### പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി റെനി സനിൽ | 1.4.17 മുതൽ 31.3.18വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. സന്ദീപ് ജേക്കബ് | 1.4.2017 മുതൽ 7.6.17വരെ |
| ശ്രീ. കെ.വി.രാധാകൃഷ്ണൻ നായർ, അസി.സെക്രട്ടറി(ചാർജ്) | 8.6.17മുതൽ 18.6.17വരെ |
| ശ്രീ. അശോക്.സി | 19.6.17മുതൽ 31.3.18വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2017-18

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിലായി സൂക്ഷിക്കുന്നു | 2-1 |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം | 2-2 |
| 15 | ക്രമവത്കരണം ഫീസ് - കുറവായി ഈടാക്കി | 2-3 |
| 16 | വസ്തു നികുതി- രജിസ്റ്ററുകൾ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല | 2-4 |
| 17 | തൊഴിൽ നികുതി-അപാകതകൾ | 2-5 |
| 18 | ഡി. ആന്റ്. ഓ. ലൈസൻസ്-അപാകതകൾ | 2-6 |
| 19 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല | 2-7 |
| 20 | പഞ്ചായത്ത് പ്രദേശത്തുള്ള വളർത്തുനായകൾക്ക് ലൈസൻസ് എടുക്കുന്നില്ല | 2-8 |
| 21 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 2-9 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 1.19കോടി രൂപ പ്രയോജനരഹിതമായി | 3-1 |
| 22 | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-2 |
| 23 | വെള്ളക്കരം- അധികതുക ഒടുക്കിയത് തിരികെ ഈടാക്കണം | 3-3 |
| 24 | ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല | 3-4 |

| | | |
|---|---|---|
| 25 | പ്രതിമാസ വെള്ളക്കരം ഒരുലക്ഷം രൂപയിലധികം- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല | 3-5 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിശദമായ എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവയില്ലാതെ തുക കൈമാറുന്നു | 3-6 |
| 27 | കേരളോത്സവം ചെലവുകൾ- ഇൻവോയ്സ് ബില്ലിൽ അപാകത | 3-7 |
| 28 | പഞ്ചായത്തിന്റെ ഇരുചക്ര വാഹനം ഉപയോഗ രഹിതമായി സൂക്ഷിച്ചിരിക്കുന്നു | 3-8 |
| 29 | തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല | 3-9 |
| 30 | തുടർ സാക്ഷരതാ പഠനം അധികമായി ചെലവഴിച്ച തുക ഈടാക്കേണ്ടതാണ് | 3-10 |
| 31 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി | 3-11 |
| 32 | മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല | 3-12 |
| 33 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അർഹമായ ആനുകൂല്യം നൽകിയില്ല | 3-13 |
| 34 | അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല | 3-14 |
| 35 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം | 3-15 |
| 36 | സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ | 3-16 |
| 37 | ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ നിരാശാജനകം | 3-17 |
| 38 | മരാമത്ത് പ്രവൃത്തി- രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം | 3-18 |
| 39 | ആശ്രയ പദ്ധതി -പ്രവർത്തനം ഫലപ്രദമല്ല | 3-19 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 40 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 47 | ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബഡ്ജറ്റ്

2017-18 വർഷത്തെ ബഡ്ജറ്റ് 20.3.17-ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിക്കുകയും, തുടർന്ന് ഭരണസമിതിയുടെ 23.3.17-ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. റിവൈസ്ഡ് ബഡ്ജറ്റ് 16.3.18-ൽ അംഗീകരിച്ചു. ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | പ്രതീക്ഷിച്ചത് (ബഡ്ജറ്റ് പ്രകാരം) | യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം) | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 4266700 | 4265784 | -- | 916 |
| വരവ് | 69381575 | 33106679 | -- | 36274896 |
| ആകെ | 73648275 | 37372463 | -- | 36275812 |
| ചെലവ് | 70303459 | 34804542 | -- | 35498917 |
| നീക്കിയിരിപ്പ് | 3344816 | 2567921 | -- | 776895 |

മിനിറ്റ്സിൽ, ബജറ്റിലെ ഓരോയിനവും തുകകളും വിശദമായി രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുമില്ല. ബജറ്റിന്മേൽ വിശദമായ ചർച്ചയും നടന്നിട്ടില്ല എന്ന് മിനിറ്റ്സിൽ നിന്നും വ്യക്തമാകുന്നു.

യഥാർത്ഥ തുകകളിൽ നിന്നും ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|

| | | |
|---|---|---|
| 2017-18 | 31.7.2018 | 22.5.2018 |

## (1-3) വാർഷിക ധനകാര്യപത്രികയുടെ സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

2017-18 വർഷത്തെ വാർഷിക ധനകാര്യപത്രികയ്ക്ക് 12.7.2018-ലെ കെഎസ്എ. പിറ്റിഎ. പി4-773/18നമ്പർ വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതിൽ സൂചിപ്പിച്ച അപാകതകളിൽ പരിഹരിക്കാൻ അവശേഷിക്കുന്ന അപാകതകൾ ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## (1-4) സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 42,65,784 |
| വരവ് | 3,31,06,679 |
| ആകെ | 37372463 |
| ചെലവ് | 3,48,04,542 |
| നീക്കിയിരിപ്പ് | 25,67,921 |

## (1-5) ഫണ്ട് വിനിയോഗം

| | മുൻ ബാക്കി | തൻവർഷ വരവ്/ അലോട്ട്മെന്റ് തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8727648 | 5609441 | 5609441 | 3118207 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4800067 | 3926969 | 3926969 | 873098 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 10996 | 9999 | 9999 | 997 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3625497 | 1224165 | 1224165 | 2401332 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3826581 | 2053915 | 2053915 | 1772666 |
| ധനകാര്യ കമ്മീഷൻ | 0 | 9418373 | 1733897 | 1733897 | 7684476 |

| | | | | | |
|---|---|---|---|---|---|
| അവാർഡ് | | | | | |
| കെ. എൽ.ജി.എസ്.ഡി.പി ഗ്രാന്റ് | 0 | 2919642 | 875723 | 875723 | 2043919 |
| തൊഴിലുറപ്പ് പദ്ധതി | 6971 | 438389+ 10140133 | 445360+ 10140133 | 444242+ 10140133 | 11118 |
| ജനറൽ പർപ്പസ് ഫണ്ട് (ട്രഷറി) | 3169239 | 5350000 | 8519239 | 8405520 | 113719 |
| എസ്.ബി.റ്റി ലിറ്ററസി | 2069 | 0 | 2069 | 0 | 2069 |
| ദുരിതാശ്വാസ നിധി (എസ്.ബി.റ്റി) | 6210 | 31254 | 37464 | 7800 | 29664 |
| ട്രഷറി ജോയിന്റ് വെൻച്ചർ | 100000 | 1395000 | 1495000 | 895000 | 600000 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | 0 | 237607 | 237607 | 48027 | 189580 |
| ബി-ഫണ്ട് | 0 | 23657000 | 23657000 | 23657000 | 0 |
| എസ്.എസ്.എ (എസ്.ബി.റ്റി) | 23486 | 875 | 24361 | 0 | 24361 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 2017-18 | 144 | 36845658 | 83 | 19468030 | 61 | 52.8% |

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 17 | 6163450 | 16 | 3150893 | 51.1% |
| സേവനം | 59 | 15870821 | 44 | 11123339 | 70.09% |
| പശ്ചാത്തലം | 68 | 14811387 | 23 | 5193798 | 35.07% |
| ആകെ | 144 | 36845658 | 83 | 19468030 | 52.8% |

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പദ്ധതികൾ* | *നടപ്പാക്കിയ പദ്ധതികൾ* | *വകയിരുത്തിയ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 30 | 15 | 5640916 | 2965672 | 52.57 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 8 | 1510260 | 1374948 | 91.04 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 68 | 24 | 16238582 | 5647877 | 34.78 |
| വി.ഇ.ഒ | 8 | 7 | 4266100 | 3488400 | 81.77 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 860000 | 595934 | 69.29 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 3 | 445000 | 444363 | 99.86 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 1996350 | 1686993 | 84.5 |
| കൃഷി ഓഫീസർ | 6 | 6 | 2710800 | 1756249 | 64.79 |
| വെറ്ററിനറി സർജൻ | 9 | 9 | 2827650 | 1169644 | 41.36 |
| എച്ച്.എം, ഗവ. എൽപിഎസ് | 2 | 2 | 125000 | 112950 | 90.36 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 225000 | 225000 | 100 |
| ആകെ | 144 | 83 | 36845658 | 19468030 | 52.8 |

## (1-7) തൊഴിലുറപ്പ് പദ്ധതി

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നിക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6971 | 749416 | 750416 | 755269 | 1118 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10140133 | 10140133 | 10140133 | 0 |

## (1-8) ക്ഷേമ പദ്ധതികൾ

| പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | പെൻഷൻ ഇനത്തിലെ ചെലവ് |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 122 | 477600 |
| ദേശീയ വാർദ്ധക്യകാല പെൻഷൻ | 1222 | 5424800 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 149 | 654400 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 13 | 55200 |
| വിധവാ പെൻഷൻ | 357 | 1541200 |
| തൊഴിൽ രഹിത വേതനം | 17 | 18960 |

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018-ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 3319 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## (1-10) ആഭ്യന്തര നിയന്ത്രണം

1. പൊതുനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്.

2. അക്കൗണ്ടിംഗ് സംവിധാനം

ഓഡിറ്റ് വർഷത്തിൽ ഓരോ മാസത്തെയും ചെലവുകൾ തൊട്ടടുത്ത മാസം തന്നെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി അംഗീകരിക്കുന്നുണ്ട്. എന്നാൽ വസ്തുനികുതി സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്താൻ നാളിതുവരെ സാധിച്ചിട്ടില്ല. കൂടാതെ, നാളിതുവരെ ആർജ്ജിച്ച ആസ്തികളുടെ ശരിയായ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. രജിസ്റ്ററുകളുടെ പരിപാലനം

(എ) ആസ്തി രജിസ്റ്റർ

രജിസ്റ്ററുകളുടെ പരിപാലനം പൊതുവെ തൃപ്തികരമാണെങ്കിലും, പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. ഓഡിറ്റിൽ ഹാജരാക്കിയ ആസ്തിരജിസ്റ്ററിൽ 2010വർഷം വരെയുള്ള വിവരങ്ങളേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഈ വിഷയം ഓഡിറ്റിൽ നിരവധി തവണ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണെങ്കിലും അലംഭാവം തുടരുന്നു. ആസ്തിരജിസ്റ്ററിൽ നാളിതുവരെയുള്ള വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തേണ്ടതും, 26-7-11-ലെ ജി.ഓ(എം.എസ്)152/11/ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ആസ്തികളുടെ കൃത്യമായ അക്കൗണ്ടിംഗ് നടത്തേണ്ടതുമാണ്.

(ബി) സ്റ്റോക്ക് രജിസ്റ്റർ

ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. സാധനങ്ങൾ വാങ്ങുന്നതിന്റെ വിവരം ചേർക്കുന്നുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ കേരള ഫിനാൻഷ്യൽ കോഡിലെ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ബുക്ക്, ഫോംസ്, സ്റ്റേഷനറി എന്നിവയ്ക്കും ഓഫീസ് ഫർണീച്ചറുകൾക്കും, ഇലക്ട്രിക് സാധനങ്ങൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഒറ്റ രജിസ്റ്ററിൽ തന്നെ എല്ലാ വാങ്ങലുകളുടെയും വിവരം ചേർക്കുകയാണ് ചെയ്തുവരുന്നത്. പുതിയ വാങ്ങലുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന സാക്ഷ്യപത്രം ബില്ലുകളുടെ ഓഫീസ് കോപ്പിയിൽ എഴുതുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ ഫിനാൻഷ്യൽ കോഡിലെയും പ്രൊക്യൂർമെന്റ് മാന്വലിലെയും

നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (കെ.എഫ്.സി. വോള്യം-1, ചാപ്റ്റർ-6, 20.08.2016-ലെ ജി.ഒ.(ആർ.ടി.)നം.2487/16/ എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള പ്രൊക്യൂവർമെന്റ് മാന്വൽ ഖണ്ഡിക 4.1.4.3 )

4. ദുരിതാശ്വാസ നിധി

കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ അടിയന്തിര സന്ദർഭങ്ങളിൽ അർഹരായവർക്ക് സഹായം നൽകുന്നതിന് ആവശ്യമായത്ര തുക നിധിയിൽ ഇല്ല. (29664രൂപ മാത്രം.) സംഭാവന വഴിയും കലാകായികവിനോദ പരിപാടികളിലൂടെയും ഇതിനായി ഫണ്ട് സ്വരൂപിച്ച് ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

5. സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

A) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 സാമ്പത്തിക വർഷം 15 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ക്ഷേമ പെൻഷനുകളിലെ പരാതികളിന്മേൽ അദാലത്തു നടത്താൻ കമ്മിറ്റി തീരുമാനിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂരിഭാഗം യോഗങ്ങളിലും പെൻഷൻ അപേക്ഷകളുടെ അംഗീകാരം മാത്രമാണ് നടക്കുന്നത്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെട്ട ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ക്രിയാത്മക നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ആശ്രയ പദ്ധതിയുടെ ലിസ്റ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ മാത്രമാണ് ഉണ്ടായിട്ടുള്ളത്. തൻ വർഷം വികസന ഫണ്ടിൽ നിന്നും ആശ്രയ പദ്ധതിയ്ക്കായി ലഭിച്ച 441650/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

B) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി.

2017-18 വർഷം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 14 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവലോകനം നടത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റി ഉത്തരവാദിത്വം കാട്ടിയിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ളതും പഞ്ചായത്തിന്റെ തനതു ഫണ്ട് ചോർത്തുന്നതുമായ പൊതു ടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

C) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേരുകയും മുൻമാസത്തെ വരവുചെലവു കണക്കുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള ശ്രമങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. 2016-17 വർഷം വസ്തു നികുതി പിരിവ് 34% ൽ നിന്നു 71% മായി ഉയർന്നിട്ടുണ്ട്. മറ്റു നികുതിയിനങ്ങളിലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങളും സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

D) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 ൽ എല്ലാ മാസവും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. തൻ വർഷം 15 യോഗങ്ങൾ കൂടിയിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവലോകനം നടത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റി ഉത്തരവാദിത്വം കാട്ടിയിട്ടുണ്ട്. പദ്ധതികളും സ്പിൽ ഓവർ പദ്ധതികളും കമ്മിറ്റിയിൽ അവതരിപ്പിക്കുകയും ഭേദഗതികൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

6. ഗ്രാമസഭ

പഞ്ചായത്തിലെ പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് എന്നിവ ഉൾപ്പെടെയുള്ള

പ്രധാനപ്പെട്ട ചുമതലകൾ ഗ്രാമസഭയിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമസഭയിൽ ജനപങ്കാളിത്തം വളരെ കുറവാണ്. 2017-18 വർഷം 13 വാർഡുകളിലും നാലു പ്രാവശ്യം ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ടെങ്കിലും ജനപങ്കാളിത്തം തീരെയില്ല. ക്വാറം തികയാതെയാണ് മിക്ക ഗ്രാമസഭകളും ചേർന്നിട്ടുള്ളത്. 24.06.2017 ൽ വാർഷിക പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി ചേർന്ന ആറാം വാർഡിലെ ഗ്രാമസഭാ യോഗത്തിൽ കേവലം 3.26% പേർ മാത്രമാണ് പങ്കെടുത്തത്. വാർഡിലെ വോട്ടർമാരുടെ എണ്ണത്തിന്റെ 10% ആണ് ഗ്രാമസഭയുടെ ക്വാറം. പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3 പ്രകാരം ക്വാറം തികയാതെ ഗ്രാമസഭ ചേരാൻ പാടുള്ളതല്ല.

ഗ്രാമസഭയുടെ പ്രവർത്തനങ്ങളും തൃപ്തികരമല്ല. പരമാവധി ആളുകളെ ഗ്രാമസഭകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമസഭാ കൺവീനർമാരുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. ആനുകൂല്യം ലഭിച്ചവർ തന്നെ വീണ്ടും അതേ ആനുകൂല്യങ്ങൾക്കു വേണ്ടി അപേക്ഷിക്കുകയും ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. മേൽക്കൂര മാറ്റി വയ്ക്കൽ പദ്ധതിയ്ക്കായി 2017-18 വർഷം ഗ്രാമസഭ വഴി തെരഞ്ഞെടുത്ത 16 ഗുണഭോക്താക്കളും മുൻ വർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരാണ്. അർഹതയുള്ള ഗുണഭോക്താക്കൾ ലിസ്റ്റിലില്ലാത്തതിനാൽ ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മിറ്റി നേരിട്ട് തെരഞ്ഞെടുക്കുകയും ഇവരുടെ പേരുകൾ ഗ്രാമസഭയിൽ വച്ച് പിന്നീട് അംഗീകാരം നേടുകയുമാണ് ചെയ്യുന്നത്. അർഹതയുള്ള ഗുണഭോക്താക്കളിൽ ഭൂരിഭാഗവും ഗ്രാമസഭകളിൽ പങ്കെടുക്കുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനും ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും അതുവഴി ജനങ്ങളുടെ പങ്ക് പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഉണ്ടാകുന്നതിനും പഞ്ചായത്ത് ജനപ്രതിനിധികളും അധികൃതരും ശ്രദ്ധിക്കേണ്ടതാണ്.

7. വർക്കിംഗ് ഗ്രൂപ്പുകൾ

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് ബുക്കിൽ നിന്നും വ്യക്തമാണ്. പങ്കെടുക്കുന്ന ആളുകളുടെ പേരും ഒപ്പും മാത്രമാണ് പല മിനിറ്റ്സിലുമുള്ളത്. വിവിധ വിഷയങ്ങളിന്മേൽ നടന്ന ചർച്ചയുടെ വിശദാംശങ്ങളൊന്നും മിനിറ്റ്സിലില്ല. ക്രിയാത്മകമായ ചർച്ചകളൊന്നും വർക്കിംഗ് ഗ്രൂപ്പിൽ നടക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഭാവിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള നൂതന പ്രൊജക്ടുകളൊന്നും തന്നെ തൻവർഷം ആവിഷ്കരിച്ചിട്ടില്ല. എല്ലാ വർഷവും സ്ഥിരമായി നടപ്പാക്കുന്ന പ്രൊജക്ടുകൾ തന്നെയാണ് വീണ്ടും ആവിഷ്കരിക്കുന്നത്. പ്രൊജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്നുള്ള സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.

## (1-11) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.10.18 – 6.10.18 | 2018 ജൂലൈ - സെപ്തംബർ | 3.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.18 | 2012-13മുതൽ 2016-17വരെ | 6.4.2018 |

## (1-12) വാർഷിക കണക്കിലെ അപാകതകൾ

2017-18 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടതും പരിഹരിക്കാത്തതുമായ അപാകതകൾ ചുവടെ കൊടുക്കുന്നു.

വസ്തു നികുതിയുടെ ഡിമാന്റ്, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

പ്രസ്തുത അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) തനത് വരുമാനം ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളിലായി സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ക്രമ നം.* | *ബാങ്ക്* | *അക്കൗണ്ട് നമ്പർ* | *ബാലൻസ് തുക* |
|---|---|---|---|
| 1 | ദി തിരുവല്ല ഈസ്റ്റ് കോപ്പറേറ്റീവ് ബാങ്ക്, ഇരവിപേരൂർ | 3260 | 72,251.50/- (as on 14.11.2018) |
| 2 | ഫെഡറൽ ബാങ്ക് , പുറമറ്റം ബ്രാഞ്ച് | 11690200001381 | 5,27,963/- (as on 04.12.2018) |
| 3 | കേരള ഗ്രാമീൺ ബാങ്ക് | 40360101005525 | 24,00,000/- (as on 14.11.2018) |

ഇതിൽ, തിരുവല്ലാ ഈസ്റ്റ് കോപ്പറേറ്റീവ് ബാങ്ക് അക്കൗണ്ട് കറന്റ് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കുന്നതുമില്ല. തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ആയി ഒരു ബാങ്ക് അക്കൗണ്ട് മാത്രമേ പരിപാലിക്കാൻ പാടുള്ളൂ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 ലെ 58725/എഫ്.എം3/2008/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മറ്റ് അക്കൗണ്ടുകൾ ക്ലോസ് ചെയ്ത്, ബാലൻസ് തുക തനത് വരുമാനം സൂക്ഷിക്കുന്നതിന് നിലനിർത്താൻ ഉദ്ദേശിക്കുന്ന ഒരു ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.

## (2-2) വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം ഗ്രാമപഞ്ചായത്തിനു നഷ്ടം

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ, 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള

പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചത്, 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്.

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ്വെയറും പരിശോധിച്ചതിൽ, 100/200ചതുരശ്രമീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല എന്ന് വ്യക്തമായി. (ബൈലോ പ്രകാരം 100 ച.മീറ്റർ വരെ 40 രൂപാ നിരക്കിലും 100ച.മീറ്ററിന് മുകളിലുള്ളതിന് 60 രൂപാ പ്രകാരവും, 200ച.മീറ്ററിന് മുകളിലുള്ളതിന് 80 രൂപാ പ്രകാരവും). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><th>ക്രമ നം.</th><th>കെട്ടിട നമ്പരും ഉപയോഗ ക്രമവും</th><th>ഉടമസ്ഥന്റെ പേരും വിലാസവും</th><th>തറ വിസ്തീർണ്ണം (ച.മീ)</th><th>നിർണയിച്ച നികുതി അർഹതപ്പെട്ട 20%വർദ്ധന ഉൾപ്പടെ (ച.മീറ്ററിന് 40 രൂപാ നിരക്കിൽ)</th><th>നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധനവ് ഉൾപ്പടെ(ച.മീറ്ററിന് 50രൂപ നിരക്കിൽ)</th><th>കുറവ്</th></tr>
<tr><td>1</td><td>XIII/148B<br>വാണിജ്യം</td><td>സോണി അലക്സ്<br>കുറുന്തേമണ്ണിൽ<br>പുറമറ്റം</td><td>33.28</td><td>33.28*40+20%<br>=<br>1598<br>+80+480<br>= 2158</td><td rowspan="3">138.39*50+20%<br>=8304<br>+415+2491`<br>=<br>11210</td><td rowspan="3">2501</td></tr>
<tr><td>2</td><td>XIII/148C<br>വാണിജ്യം</td><td>“</td><td>23.99</td><td>23.99*40+20%<br>=1152<br>+58+346<br>=1556</td></tr>
<tr><td>3</td><td>XIII/148D<br>വാണിജ്യം</td><td>“</td><td>81.12</td><td>81.12*40+20%<br>=3700<br>+185+1110<br>=4995</td></tr>
<tr><td></td><td></td><td>ആകെ</td><td>138.39</td><td></td><td>ആകെ</td><td>2501</td></tr>
</table>

| ക്രമ നം. | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും | തറ വിസ്തീർണ്ണം | നിർണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | വിലാസവും | (ച.മീ) | അർഹതപ്പെട്ട 20%വർദ്ധന ഉൾപ്പടെ (ച.മീറ്ററിന് 50 രൂപാ നിരക്കിൽ) | അർഹതപ്പെട്ട വർദ്ധനവ് ഉൾപ്പടെ (ച.മീറ്ററിന് 80രൂപ നിരക്കിൽ) | |
| 1 | XIII/491A<br>വാണിജ്യം | സോജി വർഗ്ഗീസ്<br>തോപ്പിൽ<br>പുറമറ്റം | 38.19 | 38.19*50+20%<br>=<br>2292<br>+115+688<br>= 3095 | 271.66*80+20%<br>= 21733+4347= 26080+1304 (5%)+ 7824 (30%) = 35208 | |
| 2 | XIII/491B | “ | 27.18 | 27.18*50+20%<br>=1631<br>+82+490<br>=2203 | | |
| 3 | XIII/491C | “ | 27.18 | 27.18*50+20%<br>=1631<br>+82+490<br>=2203 | | |
| 4 | XIII/491D | “ | 25.19 | 25.19*50+20%<br>=1512<br>+76+454<br>=2042 | | |
| 5 | XIII/491E | “ | 30.42 | 30.42*50+20%<br>=1826<br>+92+548<br>=2466 | | |
| 6 | XIII/491F | “ | 30.42 | 30.42*50+20%<br>=1826<br>+92+548<br>=2466 | | |
| 7 | XIII/491G | “ | 30.42 | 30.42*50+20%<br>=1826 | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | +92+548<br>=2466 | | |
| 8 | XIII/491H | “ | 62.66 | 62.66*50+20%<br>=3760<br>+188+1128<br>=5076 | =3760 +188+1128<br>=5076 | |
| | | ആകെ | 271.66 | 22017 | ആകെ | 13191 |

മേൽ വിവരിച്ച കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് തുകകൾ ഈടാക്കാനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്. ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ മൊത്തം തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ഇടപെടീൽ ഉണ്ടാകേണ്ടതുണ്ട്.

## (2-3) ക്രമവത്കരണം ഫീസ് - കുറവായി ഈടാക്കി

കെട്ടിടനിർമ്മാണത്തിന് പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്കരിക്കുന്ന സാഹചര്യത്തിൽ രാജിയാക്കൽ ഫീസും (പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി) പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണ്. (കേരളാ പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011-ലെ 137(4)-ാം നമ്പർ ചട്ടം). തദ്ദേശസ്വയംഭരണ (ആർ.ഡി.)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി. 2/15/തസ്വഭവ- നമ്പർ കത്തിലും പെർമിറ്റെടുക്കാതം പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും (പെർമിറ്റ് ഫീസിന്റെ ഇരട്ടി) പെർമിറ്റ് ഫീസും ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ക്രമവത്കരണത്തിനുള്ള അപേക്ഷകളുടെ ഫയലുകൾ പരിശോധിച്ചതിൽ, മുമ്പ് പെർമിറ്റെടുത്തിട്ടില്ലാത്ത താഴെപ്പറയുന്ന വ്യക്തിയിൽ നിന്ന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കിയിരുന്നത് എന്ന് ബോദ്ധ്യപ്പെട്ടു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | സർവ്വേ നമ്പർ/<br>കെട്ടിട നമ്പർ | കെട്ടിടത്തിന്റെ തരം | തറ വിസ്തീർണ്ണം | ഈടാക്കിയ ഫീസ് (രൂ.) | ഈടാക്കേണ്ടിയിരുന്നത്(രൂ.) | കുറവ്<br>(രൂ.) |
|---|---|---|---|---|---|---|---|
| 1 | കെ.കെ. മനോജ് കുമാർ<br>കാട്ടുമൂലശ്ശേരി വീട്<br>നാരകത്താന് പി.ഓ.<br>വെണ്ണിക്കുളം | 103/7-2<br>B No. 424A<br>(Ward - 5) | വാണിജ്യം | 24.28 ച.മീ. | 250 | (250*5)*3<br>=3750 | 3500/- |

കുറവുവന്ന തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

## (2-4) വസ്തു നികുതി- രജിസ്റ്ററുകൾ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല

വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ (UA Register), ക്രമവൽക്കരണ രജിസ്റ്റർ എന്നിവ പരിപാലിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണ രജിസ്റ്റർ കാലികമാക്കിയിട്ട് വർഷങ്ങളായി. ക്രമവൽക്കരണ രജിസ്റ്ററും കാലികമാക്കിയിട്ടില്ല. രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കുന്നതിന് സെക്രട്ടറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-5) തൊഴിൽ നികുതി-അപാകതകൾ

**(എ)** നിയമാനുസൃതം നോട്ടീസ് നൽകുന്നില്ല

കേരളാ പഞ്ചായത്തിരാജ് ആക്ട് 205(ബി) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നികുതിക്കു വിധേയരായവരുടെ ലിസ്റ്റ് സമർപ്പിക്കുവാൻ സെക്രട്ടറി നോട്ടീസു മൂലം ആവശ്യപ്പെടാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം. 13/26.11.2018) മറുപടിയിൽ, സെക്രട്ടറി ഇപ്രകാരം രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ലായെന്ന് വ്യക്തമാക്കി. അതിനാൽ ഈ സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. ഈ വിഷയത്തിൽ വരും വർഷങ്ങളിൽ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി)** ആധാരം എഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

08.06.2017-ലെ 6(3) കമ്മറ്റി തീരുമാന പ്രകാരം ആധാരം എഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ ഐക്യകണ്ഠേന തീരുമാനമെടുത്തിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ആധാരമെഴുത്തുകാരിൽ നിന്നും നാളിതുവരെ തൊഴിൽ നികുതി ഈടാക്കുകയോ, തൊഴിൽ നികുതി ഈടാക്കാൻ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. ആയത് ഉദ്യോഗസ്ഥതലത്തിലുള്ള വീഴ്ചയായി വിലയിരുത്തുന്നു. ആധാരം എഴുത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

**(സി)** പി.ഡബ്ല്യു.ഡി. സെക്ഷൻ ഓഫീസിലെ സ്റ്റാഫ് എണ്ണത്തിൽ അവ്യക്തത

2017-18 വർഷത്തിൽ ഒന്നാം അർദ്ധവർഷത്തിൽ പി.ഡബ്ല്യു.ഡി. ബിൽഡിംഗ് സെക്ഷൻ, വെണ്ണിക്കുളം എന്ന സ്ഥാപനത്തിലെ ഒരാളുടെ മാത്രം തൊഴിൽ നികുതിയേ റിട്ടേൺ സ്റ്റേറ്റ്മെന്റ് പ്രകാരം ഈടാക്കിയിട്ടുള്ളൂ. (1250/-രൂപ). എന്നാൽ രണ്ടാം അർദ്ധവർഷത്തിൽ ഈ സ്ഥാപനത്തിൽ നിന്നും 4 പേരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പ്രകാരം ഈടാക്കിയിട്ടുണ്ട് (4500/-രൂപ). ഒന്നാം അർദ്ധവർഷം ഒരു ജീവനക്കാരൻ മാത്രമേ പ്രസ്തുത ഓഫീസിൽ ജോലി നോക്കിയിരുന്നുള്ളോ എന്നതിൽ അവ്യക്തതയുണ്ട്. 2017-18 വർഷത്തിൽ ഒന്നാം അർദ്ധവർഷത്തിൽ ജോലിചെയ്ത ജീവനക്കാരുടെ കൃത്യമായ പേരു വിവരങ്ങൾ തസ്തികയും, കാലയളവും, അടിസ്ഥാന ശമ്പളവും ഉൾപ്പെടെ ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 13/26.11.2018) മുഖേന ആവശ്യപ്പെട്ടതിന് പി.ഡബ്ല്യു.ഡി. ഓഫീസിൽ കത്ത് നൽകിയിട്ടുണ്ടെന്നും വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. സ്ഥാപനത്തിൽ ആദ്യ പകുതിയിൽ ജോലി ചെയ്ത എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതും, ഒന്നിലധികം ആളുകൾ ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആയവരിൽ നിന്നും നികുതി ഈടാക്കാൻ നോട്ടീസ് നൽകേണ്ടതുമാണ്.

**(ഡി)** മരാമത്ത് പ്രവൃത്തിയുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ കരാർ വർക്കുകൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ തൊഴിൽ നികുതി അടച്ചിട്ടില്ല. കരാറുകാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേരും, മേൽവിലാസവും |
|---|---|

| | |
|---|---|
| 1. | സാംകുട്ടി ജോൺ, പുത്തൻവീട് കണ്ടത്തിൽ, മല്ലപ്പള്ളി |
| 2. | പി.സി. യോഹന്നാൻ, കുഴിപറമ്പിലായ അട്ടിയിൽ, അമിച്ചകരി |
| 3. | മോഹൻ കുമാർ, ഇടയത്ത് വീട്, കുറിയന്നൂർ |
| 4. | കെ.എം. ജോസഫ്, കൊച്ചുപറമ്പിൽ, തിരുവല്ല |
| 5. | സദാനന്ദൻ പി.കെ., പോത്തളത്തു വീട്, തെങ്ങേലി |
| 6. | സോണി ജോസഫ് , തോട്ടത്തിൽ, വായ്പ്പൂർ |
| 7. | മാത്യു കെ. ചാക്കോ, നിരവിൽ-പുത്തൻവീട്, പുല്ലാട് |

മേൽ പറഞ്ഞ കരാറുകാർ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചതായി രേഖകളില്ല. ഇവർ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. തൊഴിൽ നികുതി കരാറുകാരിൽ നിന്ന് ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഇടപെടൽ ഉണ്ടാകേണ്ടതാണ്.

**(ഇ)** <u>പോസ്റ്റ്ഓഫീസ് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല</u>

പോസ്റ്റ് ഓഫീസ് വെണ്ണിക്കുളം, പോസ്റ്റ് ഓഫീസ് മുണ്ടമല എന്നീ രണ്ടു സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി നാളിതുവരെ പിരിച്ചെടുത്തിട്ടില്ല. ഈ രണ്ടു സ്ഥാപനങ്ങളുടേയും ജീവനക്കാരുടെയും വിവരങ്ങൾ തൊഴിൽ നികുതി രജിസ്റ്ററിൽ ചേർത്തിട്ടില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിരുന്നതും, നികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകുകയും ചെയ്തിരുന്നുവെങ്കിലും ഒരു നടപടിയുമുണ്ടായില്ല എന്ന് ഓഡിറ്റിൽ വ്യക്തമായി. ഈ വിഷയത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഭാഗത്തുനിന്നുമുള്ള വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. രജിസ്റ്ററിൽ മേൽ സ്ഥാപനങ്ങളുടേയും ജീവനക്കാരുടേയും വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും, ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്

**(എഫ്)** <u>സ്വകാര്യ സ്കൂളിലെ ജീവനക്കാർക്ക് നിയമാനുസൃതമായ അടിസ്ഥാന ശമ്പളം നൽകുന്നില്ല - തൊഴിൽ നികുതി ഇനത്തിൽ കുറവ്</u>

വെണ്ണിക്കുളം സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാർക്ക് വളരെ തുച്ഛമായ അടിസ്ഥാന ശമ്പളമാണ് നൽകുന്നതെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. 1988-ലെ C.B.S.E. അഫിലിയേഷൻ പ്രകാരം സ്കൂൾ ജീവനക്കാർക്ക് അതേ തസ്തികയിൽ ജോലിചെയ്യുന്ന സംസ്ഥാന സർക്കാർ സ്കൂളിലെ ജീവനക്കാർക്ക് നൽകുന്ന ശമ്പള സ്കെയിലിലെ വേതനവും, ആനുകൂല്യങ്ങളും നൽകണമെന്നാണ് നിബന്ധന. (അഫിലിയേഷൻ ബൈലോ 3(v) കാണുക). എന്നാൽ ഇതിനു വിരുദ്ധമായി ഈ സ്കൂളിലെ ജീവനക്കാർക്ക് തുച്ഛമായ അടിസ്ഥാന ശമ്പളമാണ് നൽകുന്നത്. ഇതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ (നം.13/26.11.18) ഇതിന്റെ ആധികാരികത ബന്ധപ്പെട്ട സ്കൂൾ അധികാരികളോട് പഞ്ചായത്ത് ആരായുകയും അന്വേഷണക്കുറിപ്പിന്റെ കോപ്പി ലേബർ ഓഫീസിൽ നൽകുകയുമുണ്ടായി. ഇതു സംബന്ധിച്ചുള്ള തുടർ നടപടി നിരീക്ഷിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## (2-6) <u>ഡി. ആന്റ്. ഓ. ലൈസൻസ്-അപാകതകൾ</u>

(എ) സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരം അനുസരിച്ച്, വാണിജ്യാവശ്യത്തിനുള്ള 448 കെട്ടിടങ്ങളുണ്ടെങ്കിലും, 2017-18 സാമ്പത്തിക വർഷം ഡി & ഓ ലൈസൻസ് എടുത്തിരിക്കുന്നത് ആകെ 217 സ്ഥാപനങ്ങളാണ്. കേരളാ പഞ്ചായത്തിരാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള ആകെ 48% സ്ഥാപനം മാത്രമാണ് ഡി & ഓ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തുവാനുള്ള ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നു നടക്കാത്തതിനാൽ ഡി. & ഓ. ഫീസ് ഇനത്തിലും ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലും ഗണ്യമായ കുറവുണ്ടായിരിക്കുന്നു. തുടർ വർഷങ്ങളിൽ ഡി & ഓ ലൈസൻസ് പിരിവ് 100% ആക്കി തനത് ഫണ്ട് സമാഹരിക്കാൻ ഊർജ്ജിത ശ്രമം ബന്ധപ്പെട്ട ഉദ്യോഗതലത്തിലും ഭരണതലത്തിലും ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിര ശ്രദ്ധചെലുത്തേണ്ടതും വേണ്ട തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

(ബി) ഡി & ഓ ലൈസൻസ് എടുക്കുമ്പോൾ അവശ്യരേഖകൾ പലതും ഇല്ലാതെയാണ് അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നതും ലൈസൻസ് നൽകിയിരിക്കുന്നതും. ഏതാനും ചില ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

1. Ministry of Law & Justice-ന്റെ Food safety& std.Act 2006-ന്റെ Chapter VI-ന്റെ 26(3) പ്രകാരം ആഹാരം പാചകം ചെയ്യുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സാംക്രമിക രോഗങ്ങളൊന്നുമില്ലായെന്ന് ഉറപ്പാക്കാനായി അവരുടെ ഹെൽത്ത് കാർഡ് നിർബന്ധമായും ഡി&ഓ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം വയ്ക്കണമെന്ന് വ്യവസ്ഥയുള്ളപ്പോൾ, അത്തരം രേഖയില്ലാതെയാണ് താഴെ കാണിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി&ഓ ലൈസൻസ് നൽകിയിരിക്കുന്നത്.

- വയലോരം ഫാമിലി റസ്റ്റോറന്റ് -3 ജീവനക്കാർ
- അപ്പൂസ് കാറ്ററിംഗ് & ഇവന്റ്സ് -3 ജീവനക്കാർ

2. ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അവയോടൊപ്പം

- സ്ഥലനാമ സാക്ഷ്യപത്രം(30.01.2008-ലെ 4658/RC3/2008/LSGD നമ്പർ സർക്കുലർ പ്രകാരം)
- പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം (16.03.2007- ലെ GO(P)795/07/LSGD നമ്പർ സർക്കുലർ പ്രകാരം)

എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ ഇതു കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലർക്കും സെക്രട്ടറിയും ആയത് ഉറപ്പാക്കാതെയാണ് സ്ഥാപനങ്ങൾക്ക് ഡി. & ഓ. ലൈസൻസ് നൽകിയിരിക്കുന്നത്.

ഭൂരിപക്ഷ അപേക്ഷകളിലും വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ഡി. & ഓ. ലൈസൻസ് ഫീ നിജപ്പെടുത്തിയതെന്നുള്ളത് വ്യക്തമല്ല. ഉദാഹരണമായി, ദിവസ വിറ്റുവരവ് രേഖപ്പെടുത്താതെ അപേക്ഷ സമർപ്പിച്ച 'വേണു ജ്വവലറിയ്ക്ക് ' ഡി. & ഓ. ലൈസൻസ് ഫീ 300രൂപ മാത്രം നിജപ്പെടുത്തിയതിന്റെ മാനദണ്ഡം എന്താണെന്ന് ഓഡിറ്റിന് വ്യക്തമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി, ചെറിയ സ്ഥാപനം ആയതിനാലാണ് 300രൂപ മാത്രം ഈടാക്കിയതെന്നാണ് സെക്രട്ടറി അറിയിച്ചത്.

തുടർ വർഷങ്ങളിൽ മേൽ പറഞ്ഞ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (2-7) റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യുന്നില്ല

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 11 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. ഈ റേഷൻകടകളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഇതു സംബന്ധിച്ച പരാമർശത്തിന്, ഈ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി ഈ സാമ്പത്തിക വർഷം മുതൽ കൃത്യമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു കൊള്ളാമെന്ന് സെക്രട്ടറി മറുപടി നൽകിയിരുന്നുവെങ്കിലും നാളിതുവരെ ഒരു റേഷൻ കടയിൽ നിന്നുപോലും ഡി & ഒ ലൈസൻസ് ഫീസ് പിരിച്ചെടുത്തിട്ടില്ല. ഇതിനു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (നം.27/04.12.18) മറുപടിയിൽ റേഷൻ ഡീലേഴ്സ് സംഘടന ഈ വിഷയത്തിന്മേൽ കേസ് ഫയൽ ചെയ്തിരിക്കുകയാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ നാളിതുവരെ ഇതു സംബന്ധിച്ച് ബഹു.കോടതിയുടെ യാതൊരു ഇടക്കാല ഉത്തരവോ, സ്റ്റേയോ ഉള്ളതായി അറിയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇവരിൽ നിന്നും ലൈസൻസ് ഫീസും സ്ഥാപനതൊഴിൽനികുതിയും അടിയന്തിരമായി ഈടാക്കുവാൻ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും സെക്രട്ടറിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ബി) പഞ്ചായത്ത് പരിധിയിൽ 2 ക്ഷീരകർഷക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. പേരുവിവരം ചുവടെ ചേർക്കുന്നു.

1. പുറമറ്റം ക്ഷീരകർഷക സംഘം.
2. മേമല ക്ഷീരകർഷക സംഘം.

ഈ ക്ഷീരകർഷക സംഘങ്ങളിൽ നിന്നും ഡി & ഒ ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## (2-8) <u>പഞ്ചായത്ത് പ്രദേശത്തുള്ള വളർത്തുനായകൾക്ക് ലൈസൻസ് എടുക്കുന്നില്ല</u>

2017-18 വർഷം വെറ്ററിനറി സർജൻ നടപ്പാക്കിയ പേവിഷ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് പ്രദേശത്തുള്ള 326 നായ്ക്കൾക്ക് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് ലൈസൻസ് എടുത്തിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 4(1) പ്രകാരം നായയെ വളർത്തുന്ന ഏതൊരാളും ഗ്രാമപ്പഞ്ചായത്തിൽ 10 രൂപ ഫീസ് ഒടുക്കി ലൈസൻസ് എടുക്കേണ്ടതാണ്.

ലൈസൻസ് ഫീസിനത്തിൽ 2017-18 വർഷം പഞ്ചായത്തിന് ലഭിച്ചത് 10 രൂപ മാത്രമാണ്. ചട്ടം 5 പ്രകാരം ലൈസൻസില്ലാതെയും ലൈസൻസിന് വിരുദ്ധമായി നായകളെയും പന്നികളെയും വളർത്തുന്ന ഏതൊരാൾക്കും കുറ്റസ്ഥാപനത്തിന്മേൽ 250 രൂപ വരെയും ലൈസൻസെടുക്കാതെ തുടരുന്ന ഓരോ ദിവസത്തിനും 50 രൂപ വരെയും പിഴ ചുമത്താവുന്നതാണ്.

ലൈസൻസില്ലാതെ ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നായകളെ വളർത്തുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതും അല്ലാത്ത പക്ഷം ഉടമസ്ഥരിൽ നിന്നും പിഴ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## (2-9) ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുകകൾ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)3/2015/ഫിൻ തീ.5/1/15 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500രൂപയാണ്. 2017-18 വർഷത്തെ താഴെ പറയുന്ന പ്രവൃത്തികളിലെ ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്.

| പ്രവൃത്തി | ടെണ്ടർഫീസ് | ആകെ തുക |
|---|---|---|
| കാവുങ്കൽ-പിച്ചാത്തിക്കല്ല് റോഡ് റീ-കോൺക്രീറ്റിംഗ് (പ്രൊജക്ട് നം.S.31/17-18) | @500 (1ടെണ്ടർ) | 500 |
| മാളിയേക്കൽ പടി- മരുതൂർപ്പടി റോഡ് റീ-കോൺക്രീറ്റിംഗ് (S.32/17-18) | @500 (2ടെണ്ടറുകൾ) | 1000 |
| പുളിമൂട്ടിൽ പടി-കമ്പനിമല നടപ്പാത കോൺക്രീറ്റിംഗ് (S.99/17-18) | @500 (1ടെണ്ടർ) | 500 |
| മാവേലിക്കാട്ട് പടി-അങ്ങാടിപ്പാട്ട് പടി നടപ്പാത കോൺക്രീറ്റിംഗ് (S.101/17-18) | @500 (1ടെണ്ടർ) | 500 |
| വേലംപറമ്പിൽ പടി-പറയകുന്നിൽ പടി നടപ്പാത കോൺക്രീറ്റിംഗ് (S.104/17-18) | 500 (1ടെണ്ടർ) | 500 |
| കുറ്റവടശ്ശേരിക്കടവ് റോഡ് റീ-കോൺക്രീറ്റിംഗ് (S.26/17-18) | @600 (5ടെണ്ടറുകൾ) | 3000 |
| അരിങ്ങടച്ചാൽ പുനരുദ്ധാരണം (S.116/17-18) | @500 (2ടെണ്ടറുകൾ) | 1000 |
| പഴയില്ലത്തുപടി-വഞ്ചികപ്പടി നടപ്പാത കോൺക്രീറ്റിംഗ് (S.27/17-18) | @500 (2ടെണ്ടറുകൾ) | 1000 |
| പിച്ചാത്തിക്കല്ല്- മുതുപാല റോഡ് കോൺക്രീറ്റിംഗ് (S.30/17-18) | @500 (4ടെണ്ടറുകൾ) | 2000 |
| ചാമക്കാലാപ്പടി-കാക്കാനിക്കുഴിപ്പടി നടപ്പാത കോൺക്രീറ്റിംഗ് (S.33/17-18) | @500 (4ടെണ്ടറുകൾ) | 2000 |

| | | |
|---|---|---|
| അടങ്ങപ്പറത്തുപടി- തലപ്പള്ളി റോഡ് കോൺക്രീറ്റിംഗ് (S.34/17-18) | @500 (2ടെണ്ടറുകൾ) | 1000 |
| മസാലപ്പടി-പാട്ടക്കാലാ സംരക്ഷണഭിത്തി നിർമ്മാണം (S.44/17-18) | @500 (2ടെണ്ടറുകൾ) | 1000 |
| ഇടമലക്കരിശ്-കാഞ്ഞിരപ്പാറ റോഡ് കോൺക്രീറ്റിംഗ് (S.45/17-18) | @500 (5ടെണ്ടറുകൾ) | 2500 |
| കത്തോലിക്കാപള്ളിപ്പടി-തോണ്ടക്കരോട്ട് പടി റോഡ് കോൺക്രീറ്റിംഗ് (S.91/17-18) | @500 (4ടെണ്ടറുകൾ | 2000 |
| പട്ടതോട് പമ്പ് ഹൗസ് നടപ്പാത കോൺക്രീറ്റിംഗ് (S.103/17-18) | @500 (3ടെണ്ടറുകൾ) | 1500 |
| ജേക്കബ് മെമ്മോറിയൽ റോഡ് റീ-കോൺക്രീറ്റിംഗ് (S.105/17-18) | @500 (5ടെണ്ടറുകൾ) | 2500 |
| മാവനാൽ പടി- മത്തിൽപടി നടപ്പാത കോൺക്രീറ്റംഗ് (S.106/17-18) | @500 (3ടെണ്ടറുകൾ) | 1500 |
| കുഴിക്കാലക്കടവ്-തേക്കുംപടി നടപ്പാത കോൺക്രീറ്റിംഗ് (S.107/17-18) | @500 (4ടെണ്ടറുകൾ) | 2000 |
| മേപ്രത്ത് പടി- തേക്കുംപടി റോഡ് റീ-കോൺക്രീറ്റിംഗ് (S.108/17-18) | @500 (2ടെണ്ടറുകൾ) | 1000 |
| കരിങ്കുറ്റിമല-പുളിമൂട്ടിൽ പടി റോഡ് കോൺക്രീറ്റിംഗ് (S.122/17-18) | @500 (3ടെണ്ടറുകൾ) | 1500 |
| ആകെ | | 28500രൂപ |

ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ വരവ് വന്ന തുകകൾ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (3-1) പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 1.79കോടി രൂപ പ്രയോജനരഹിതമായി

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 17894695രൂപ പ്രയോജനരഹിതമായി. ആകെ അനുവദിച്ച

അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ വകയിരുത്തിയ തുക | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവഴിച്ചത് | ചെലവ് % | നഷ്ടമായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 7583900 | 8727648 | 5609441 | 64.3% | 3118207 |
| വികസനഫണ്ട് എസ്.സി.പി. | 5065960 | 4800067 | 3926969 | 81.8% | 873098 |
| വികസനഫണ്ട് റ്റി.എസ്.പി | 11000 | 10996 | 9999 | 90.9% | 997 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 3551184 | 3625497 | 1224165 | 33.8% | 2401332 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 3641000 | 3826581 | 2053915 | 53.7% | 1772666 |
| ലോകബാങ്ക് ധനസഹായം | 875323 | 2919642 | 875723 | 30% | 2043919 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4354953 | 9418373 | 1733897 | 18.4% | 7684476 |
| ആകെ | 25083320 | 33328804 | 15434109 | 46.3% | 17894695 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. സമയബന്ധിതമായി പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ കഴിയാത്തതാണ് ഇത്രയധികം തുക ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയത്. ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയില്ല എന്ന് വ്യക്തമാണ്. ഭാവിയിൽ ഇപ്രകാരം അപാകത ഉണ്ടാകാതിരിക്കാൻ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## (3-2) പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ. ഉ (പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2016-17, 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ഒടുക്കിയില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന

ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1. | എസ്സ്.പ്രഫുല്ല ചന്ദ്രൻ | സെക്രട്ടറി |
| 2. | ഹരികുമാർ.ജി | അസിസ്റ്റന്റ് സെക്രട്ടറി |
| 3. | കിരൺ ചന്ദ്.എസ്സ്.ഡി | ഹെഡ്ക്ലാർക്ക് |
| 4. | സുനിൽ .കെ.ജെ | അക്കൗണ്ടന്റ് |
| 5. | പ്രവീൺ മനോജ് | സീനിയർ ക്ലാർക്ക് |
| 6. | റെനി വർഗ്ഗീസ് | സീനിയർ ക്ലർക്ക് |
| 7. | ബിനു മാൻഷാ | ക്ലർക്ക് |
| 8. | അഭിലാഷ്.എസ്സ്.എൽ | ക്ലർക്ക് |
| 9. | ജോൺ ബ്രിട്ടാസ് ജെയിംസ് | ക്ലർക്ക് |
| 10. | ഇന്ദിരാ ദേവി.ജെ | ക്ലർക്ക് |

ടി ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. യഥാസമയം പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കാതിരിക്കുന്നതു മൂലം ഉണ്ടാകാവുന്ന നഷ്ടത്തിന് സെക്രട്ടറി ഉത്തരവാദിയായിരിക്കുന്നതാണ്.

## (3-3) വെള്ളക്കരം- അധികതുക ഒടുക്കിയത് തിരികെ ഈടാക്കണം

| പ്രൊജക്ട് നം., പേര് | വെള്ളക്കരം അടവാക്കൽ |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | രു.851000 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| ആകെ ചെലവ് | രു.767991 |

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2017ജൂലൈ മാസം വരെ 279ടാപ്പുകൾക്ക് പ്രതിമാസം 122063രൂപയും, ആഗസ്റ്റ് മാസം മുതൽ 281ടാപ്പുകൾക്ക് 122938രൂപ വീതവുമാണ് വെള്ളക്കരം ഒടുക്കിവന്നിരുന്നത്. ആയതുപ്രകാരം സെപ്റ്റംബർ മാസത്തെ ഇൻവോയ്സ് പ്രകാരം 281ടാപ്പുകൾക്കുള്ള 122938രൂപ ട്രഷറി ബിൽ നം.16/27.9.17-പ്രകാരം പാസ്സാക്കി RTGSസംവിധാനം മുഖേന വാട്ടർഅതോറിറ്റിയിലേക്ക് നൽകിയിരുന്നു. എന്നാൽ വാട്ടർഅതോറിറ്റിയുടെ 6.10.17-ലെ കൈപ്പറ്റുരസീതിൽ 92313രൂപ മാത്രം കൈപ്പറ്റിയെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനെത്തുടർന്ന് തൊട്ടടുത്ത മാസത്തെ ഡിമാന്റ് നോട്ടീസിൽ (നം. 20777/11.10.17), 154176രൂപ ഒടുക്കണമെന്നാണ് ആവശ്യപ്പെട്ടത്. (കുടിശ്ശിക-30625+

ഫൈൻ-613+ ഒക്ടോബറിലെ വെള്ളക്കരം-122938രൂപ). ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ഈ അപാകത ശ്രദ്ധിക്കാതെ 154176രൂപയും 30.10.17-ൽ വാട്ടർഅതോറിറ്റിയ്ക്ക് നൽകി. (ട്രഷറി ബിൽ നം. 19/26.10.17). ഇപ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് അധികമായി നൽകിയ 31238രൂപ തിരികെ ഈടാക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.15/26.11.18) മറുപടിയായി, തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. തുക തിരികെ ഈടാക്കാത്തപക്ഷം പ്രസ്തുത നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## (3-4) ഓണം അഡ്വാൻസ് ക്രമീകരിച്ചിട്ടില്ല

പഞ്ചായത്ത് വകുപ്പിൽ നിന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം വഴി വിജിലൻസ് വകുപ്പിലേക്ക് സ്ഥലം മാറിപ്പോയ ജീവനക്കാരന് നൽകിയ ഓണം അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല.

ഗ്രാമപ്പഞ്ചായത്തിൽ ക്ലറിക്കൽ തസ്തികയിൽ ജോലി ചെയ്തിരുന്ന അഭിലാഷ് എസ്സ്.എൽ എന്ന ജീവനക്കാരൻ ഓണം അഡ്വാൻസായി 15000 രൂപ കൈപ്പറ്റിയിരുന്നു. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റിൽ ജോലിയിൽ പ്രവേശിക്കുന്നതിനായി 08.11.2017 തീയതിയിൽ ടിയാനെ ഗ്രാമപ്പഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്തു. ഓണം അഡ്വാൻസായി കൈപ്പറ്റിയ തുകയിൽ 6000 രൂപ മാത്രമാണ് തിരികെ ഗ്രാമപ്പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. ബാക്കി തുക ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കണമെന്ന് ആവശ്യപ്പെട്ട് വിജിലൻസ് പൊലീസ് സൂപ്രണ്ടിന് 24.03.2018 തീയതിയിൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കുകയോ തുക അടവാക്കുകയോ ചെയ്തിട്ടില്ല.

അഡ്വാൻസ് തുക ക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## (3-5) പ്രതിമാസ വെള്ളക്കരം ഒരുലക്ഷം രൂപയിലധികം- ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് കനത്ത നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഗ്രാമപ്പഞ്ചായത്ത് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ഒടുക്കുന്നത് 1122938/- രൂപയാണ്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നാളിതുവരെ സംയുക്തപരിശോധന നടത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് (1/21.11.18) സെക്രട്ടറി നൽകിയ മറുപടി പ്രകാരം 281 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. 2017-18വർഷം ഈയിനത്തിൽ ആകെ 1495994രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ, ടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി വാട്ടർ അതോറിറ്റി അധികാരികളുമായി ചേർന്ന് ജോയിന്റ് ഇൻസ്പെക്ഷൻ നാളിതുവരെ നടത്തിയിട്ടില്ല. പൊതുടാപ്പിന്റെ എണ്ണം സംബന്ധിച്ച് എല്ലാ പഞ്ചായത്തംഗങ്ങളും അവരവരുടെ വാർഡിലെ ലിസ്റ്റ് ലഭ്യമാക്കണമെന്നും, ആയത് അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ ഹാജരാക്കുന്നതിനും 4.8.17-ലെ കമ്മറ്റി 1-ാം നമ്പരായി തീരുമാനമെടുത്തിരുന്നുവെങ്കിലും, അപ്രകാരമൊരു ലിസ്റ്റ് തയ്യാറാക്കുകയോ കമ്മറ്റിയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ടാപ്പുകളുടെ കൃത്യമായ കണക്ക് പഞ്ചായത്തധികൃതർക്കു പോലും നിശ്ചയമില്ല. ഈ വിഷയത്തിൽ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും സംയുക്ത പരിശോധന നടത്തി യഥാർത്ഥ എണ്ണത്തിന് അനുസൃതമായി മാത്രം വാട്ടർ ചാർജ് ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

13- ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖാ ഉത്തരവ് ജി.ഒ.(എം.എസ്.)നം. 80/17 തീയതി 03.04.2017 ഖ.8-5 കുറിപ്പ് 2 പ്രകാരം പൊതുടാപ്പുകളുടെ എണ്ണം നിയന്ത്രിക്കേണ്ടതുണ്ട്. പൊതുടാപ്പുകൾക്ക് പകരം സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും കണക്ഷൻ നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള

പൈപ്പ് ലൈനിൽ നിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം. എന്നാൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്ത് പൊതുടാപ്പുകൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല.

കുടിവെള്ള വർക്കിംഗ് ഗ്രൂപ്പോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഈ വിഷയത്തിൽ യാതൊരു തീരുമാനങ്ങളും എടുത്തിട്ടുള്ളതായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുള്ള 281 ടാപ്പുകളിൽ പ്രവർത്തനക്ഷമമായത് മാത്രം നിലനിർത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കുന്നതിനും കുടിവെള്ള ഗാർഹിക കണക്ഷന് പദ്ധതികൾ ഏറ്റെടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## (3-6) ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിശദമായ എസ്റ്റിമേറ്റ്, എഗ്രിമെന്റ് എന്നിവയില്ലാതെ തുക കൈമാറുന്നു

ഡെപ്പോസിറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട് വിശദമായ എസ്റ്റിമേറ്റ് എഗ്രിമെന്റ് മുതലായവ ഇല്ലാതെയാണ് തുകകൾ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ വിവരം | ബിൽ നം./ചെക്ക് നം., തീയതി, തുക | തുക കൈപ്പറ്റിയ സ്ഥാപനം | അപാകത |
|---|---|---|---|---|
| 1 | S.51/17-18- വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ. (നിർവ്വഹണം- സെക്രട്ടറി) | ബിൽ നം. 20/14.11.17- രൂ.157049 | കെ.എസ്.ഇ.ബി | എസ്റ്റിമേറ്റ്, എഗ്രിമെന്റ്, തുക ട്രാൻസ്ഫർ ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ, പൂർത്തീകരണ രേഖകൾ എന്നിവയില്ല. കെ.എസ്.ഇ.ബി അസി.എഞ്ചിനീയറുടെ കത്തിന്റെ മാത്രം അടിസ്ഥാനത്തിലാണ് തുക ഒടുക്കിയത്. |
| 2 | S.52/17-18- 3-ാം വാർഡിലെ അംഗൻവാടി സ്ഥലത്തെ (നം.123) ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ. (നിർവ്വഹണം- സെക്രട്ടറി) | ബിൽ നം.8/26.7.17- രൂ.67745 | ,, | എസ്റ്റിമേറ്റ്, എഗ്രിമെന്റ്, തുക ട്രാൻസ്ഫർ ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ, പൂർത്തീകരണ രേഖകൾ എന്നിവയില്ല. |
| 3 | S.179/17-18- മൂന്നാം വാർഡിൽ 123-ാം നമ്പർ അംഗൻവാടി വൈദ്യുതീകരണം. | ചെക്ക് നം. 2286520/29.3.18 - രൂ.47250 | പി.ഡബ്ല്യ.ഡി ഇലക്ട്രിക്കൽ സെക്ഷൻ, പത്തനംതിട്ട | എഗ്രിമെന്റ്, പൂർത്തീകരണ രേഖകൾ എന്നിവ ഫയലിലില്ല. 16.4.18-ൽ ചെലാൻ മുഖേന തുക ഒടുക്കിയെങ്കിലും, തുക |

| | | | | |
|---|---|---|---|---|
| | (നിർവ്വഹണം-സെക്രട്ടറി) | | | തെറ്റായ ഹെഡ്ഡിലാണ് ഒടുക്കിയതെന്ന് പി.ഡബ്ല്യ.ഡി അസി.എക്സി. എഞ്ചിനീയർ അറിയിച്ചതനുസരിച്ച് ഹെഡ്ഡ് മാറ്റുന്നതിന് 16.5.18-ൽ സബ്-ട്രഷറി ഓഫീസർക്ക് കത്ത് നൽകി. ശരിയായ ഹെഡ്ഡിലേക്ക് തുക മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11/24.11.18) മറുപടിയായി സെക്രട്ടറി അറിയിച്ചു. |
| 4 | S.62/17-18 -ചേലയ്ക്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ.<br>(നിർവ്വഹണം-അസി.സെക്രട്ടറി) | ബിൽ നം. 558886/23.10.17-രൂ.100000<br>ബിൽ നം. 751767/23.1.18-രൂ.1000 | കേരളാ വാട്ടർ അതോറിറ്റി | പൂർത്തീകരണ രേഖകൾ ഇല്ല. |
| 5 | SO.143/17-18-പൂല്ലേലിമല കോളനിയിൽ കുടിവെള്ള കണക്ഷൻ (ബാലൻസ് തുക)<br>(നിർവ്വഹണം-അസി.സെക്രട്ടറി) | ബിൽ നം. 752768/23.1.18 രൂ.13000 | കേരളാ വാട്ടർ അതോറിറ്റി | പൂർത്തീകരണ രേഖകൾ ഇല്ല. |
| | ആകെ തുക | രൂ.386044 | | |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെയ്ക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്നും, പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം യൂട്ടിലൈസേഷൻ രേഖകൾ വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/24.11.18) മറുപടിയായി സെക്രട്ടറി അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം പ്രവൃത്തിയുടെ വിശദാംശങ്ങൾ, ഏജൻസി തയ്യാറാക്കിയ എം.ബുക്ക്, ഫൈനൽ ബില്ല് എന്നിവയുടെ പകർപ്പുകളും ലഭ്യമാക്കേണ്ടതും, അടച്ച തുകയിൽ യഥാർത്ഥ ചെലവു കഴിഞ്ഞ് ബാക്കി തുക തിരികെ ഈടാക്കേണ്ടതുമാണ്. മേൽപറഞ്ഞ രേഖകൾ ഹാജരാക്കുന്നതു വരേയ്ക്കും ചെലവുതുക (രൂ.386044) തടസ്സത്തിൽ വയ്ക്കുന്നു.

## (3-7) കേരളോത്സവം ചെലവുകൾ- ഇൻവോയ്സ് ബില്ലിൽ അപാകത

കേരളോത്സവവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി പ്രൊജക്ട് നം.S.144/18 പ്രകാരം വികസന ഫണ്ടിൽ നിന്നും 26174 രൂപ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. (ബിൽ നം.25/31.1.18). ചെലവുകളുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധിച്ചതിൽ, ഒരേ ഇൻവോയ്സ് നമ്പർ രേഖപ്പെടുത്തിയതും, എന്നാൽ വ്യത്യസ്ത

തീയതികളും തുകകളും എഴുതിയിരിക്കുന്നതുമായ മൂന്ന് വൗച്ചറുകൾ ഓഡിറ്റിൽ ശ്രദ്ധയിൽ പെട്ടു. 'മാനസി മിനി സൂപ്പർമാർക്കറ്റ്, കുമ്പനാട് '- എന്ന സ്ഥാപനത്തിന്റെ 24.9.17-തീയതിയിലെ 1213-ാം നമ്പർ രേഖപ്പെടുത്തിയ ഇൻവോയ്സിന്റെ പകർപ്പിൽ 4360 രൂപ ട്രോഫികളുടെ വിലയായും, അതേ നമ്പർ ഇൻവോയ്സിന്റെ പകർപ്പിൽ 3544 രൂപ ഷീൽഡിന്റെ വിലയായും, ഇതേ നമ്പരുള്ള മറ്റൊരു ഇൻവോയ്സിന്റെ പകർപ്പിൽ ഷീൽഡിന്റെ വിലയായി 4315 രൂപയും കാണിച്ചിരിക്കുന്നു. സാധനങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. പ്രസ്തുത വൗച്ചറുകളുടെ ആധികാരികത ഓഡിറ്റിൽ ബോധ്യപ്പെടാത്ത സാഹചര്യത്തിൽ മേൽപറഞ്ഞ മൂന്നു ചെലവുതുകകളും (ആകെ-12219രൂപ) ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. ചെലവുകളുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## (3-8) പഞ്ചായത്തിന്റെ ഇരുചക്ര വാഹനം ഉപയോഗ രഹിതമായി സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപ്പഞ്ചായത്തിന്റെ ഇരുചക്രവാഹനം പഞ്ചായത്ത് ഓഫീസിനു സമീപം ഉപയോഗ രഹിതമായി സൂക്ഷിച്ചിരിക്കുന്നു.

2016-17 സാമ്പത്തിക വർഷമാണ് ഗ്രാമപ്പഞ്ചായത്തിൽ മഹീന്ദ്ര വാഹന കമ്പനിയുടെ റോഡിയോ എന്ന സ്കൂട്ടർ വാങ്ങിയത്. വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 04.10.2018 തീയതി വരെ 7377kmമാത്രമാണ് വാഹനം ഉപയോഗിച്ചിട്ടുള്ളത്. വാഹനം ഉപയോഗിക്കാതിരിക്കാൻ കാരണം വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം.25/2018തീയതി 03.12.2018) മറുപടിയായി, വാഹനം നന്നാക്കിയിട്ടും വീണ്ടും കേടായതാണെന്നും, കമ്പനി അധികൃതരുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. എക്സിറ്റ് മീറ്റിംഗിൽ, വാഹനത്തിന് നിരന്തരം അറ്റകുറ്റപ്പണി ആവശ്യമായി വരുന്നതിനാലാണ് പ്രവർത്തനക്ഷമമാക്കാത്തതെന്ന് പ്രസിഡന്റ് അറിയിക്കുകയുണ്ടായി.

വാഹനത്തിന്റെ പ്രവർത്തനക്ഷമത മാവേലിക്കര മോട്ടോർ വാഹന വകുപ്പിന്റെ മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എൻജിനീയറെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതും, അറ്റകുറ്റപ്പണി നടത്തി ഉപയോഗ യോഗ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## (3-9) തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നില്ല

കേന്ദ്ര സർക്കാർ 2005 മുതൽ രാജ്യത്തെ ഗ്രാമീണ മേഖലയിലെ അസംഘടിത അവിദഗ്ധ തൊഴിലാളികളുള്ള കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിനു വേണ്ടിയാണ് ദേശീയ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നത്. ഗ്രാമപ്പഞ്ചായത്തിൽ സ്ഥിരമായി താമസിക്കുന്നവരും 18 വയസ്സ് തികഞ്ഞവരും കായികാധ്വാനം ചെയ്യാൻ തയ്യാറുള്ളവരുമായ ആർക്കും തൊഴിലിനായി രജിസ്റ്റർ ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയിലൂടെ അസംഘടിത, അവിദഗ്ധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പു നൽകുന്നുമുണ്ട് (നിലവിൽ പ്രതിദിനം 271 രൂപ). പദ്ധതി നടത്തിപ്പിനായി പണം ചെലവിടുന്നതിന് പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ എത്ര തുക വേണമെങ്കിലും ചെലവഴിച്ച് ഗ്രാമപഞ്ചായത്തുകളിലെ മുഴുവൻ തൊഴിൽ രഹിതർക്കും, അവിദഗ്ധ തൊഴിലാളികൾക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിലെ ഒരു വിഭാഗം തൊഴിൽരഹിതരായ യുവതീ/യുവാക്കൾ പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയോ, തൊഴിലിനായി അപേക്ഷിക്കുകയോ ചെയ്യാതെ കേരള സർക്കാരിന്റെ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരം പ്രതിമാസം 120രൂപ നിരക്കിൽ വേതനം കൈപ്പറ്റുകയാണ് ചെയ്യുന്നത്.

ഓഡിറ്റ് വർഷത്തിൽ തൊഴിൽരഹിത വേതനം ഇനത്തിൽ 18960രൂപ വിതരണം ചെയ്തിട്ടുണ്ട്. നിലവിൽ 17 പേർ തൊഴിൽരഹിത വേതനം കൈപ്പറ്റുന്നുണ്ട്. പഞ്ചായത്ത് പരിധിയിൽ തൊഴിൽരഹിതരായവരുടെ ലിസ്റ്റ് തയ്യാറാക്കി രജിസ്ട്രേഷൻ നടത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്ത് തൊഴിൽ ലഭ്യമാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ആയതിന് പകരം താൽകാലിക ധനസഹായം എന്ന നിലയ്ക്ക് പ്രതിമാസം ലഭിക്കുന്ന ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കുന്ന തരത്തിൽ ഗുണഭോക്താക്കളെ പ്രോൽസാഹിപ്പിക്കുകയാണ്

ചെയ്യുന്നത്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ രഹിതരായവർക്ക് തൊഴിൽ ലഭ്യമാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കടമയായതിനാൽ തൊഴിൽ ചെയ്യാൻ കായികശേഷിയുള്ള ഗുണഭോക്താക്കളെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിച്ച് തൊഴിൽ നൽകേണ്ടതും, തൊഴിൽ രഹിത വേതനം ലഭ്യമാക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## (3-10) തുടർ സാക്ഷരതാ പഠനം അധികമായി ചെലവഴിച്ച തുക ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. പേര് | S0129/18 തുടർ വിദ്യാഭ്യാസ സാക്ഷരത |
| നിർവ്വഹണ ഉദ്യോഗസ്ഥ | പ്രധാന അദ്ധ്യാപിക |
| അടങ്കൽ തുക | 25000 |
| ചെലവ് തുക/ ബിൽ നം. തീയതി | രൂ. 12950/- നം. 02/28.3.2018 |

2017-18 വർഷത്തെ തുടർ സാക്ഷരതാ പഠനം പദ്ധതിയിൽ, ജില്ലാ സാക്ഷരതാ മിഷന്റെ കത്ത് നം. 3977/ഡി.എൽ.എം./പി.റ്റി.എ./18 പ്രകാരം 10-ാം തരം തുല്യതാ കോഴ്സിന്റെ 12-ാം ബാച്ചിലെ 7 പഠിതാക്കൾക്കു വേണ്ടി അപേക്ഷാ ഫോറം, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിലായി 12,950രൂപ അടച്ചതായി രേഖകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥ സമർപ്പിച്ച പഠിതാക്കളുടെ രേഖകളിൽ, പഠിതാക്കളിൽ ഒരാൾ എസ്.സി. വിഭാഗത്തിൽപെടുന്നതാണ്. എന്നാൽ, ഈ വ്യക്തിക്ക് ഈ ആനുകൂല്യം പട്ടികജാതി വികസനവകുപ്പിൽ നിന്നുമാണ് ലഭ്യമാക്കേണ്ടത്. ആയതിനാൽ ടിയാളുടെ രജിസ്ട്രേഷൻ ഫീ (100/- രൂപ) ഉൾപ്പെടെ 11,200രൂപ (1850X6+100=11,200) മാത്രം ജില്ലാ സക്ഷരതാ മിഷനിൽ അടവാക്കിയാൽ മതിയായിരുന്നു. അധികമായി അടവാക്കിയ 1750രൂപ തിരികെ വാങ്ങിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും തുക ലഭ്യമാകുന്ന മുറയ്ക്ക വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. തുടർനടപടി സ്വീകരിച്ച് തുക തിരികെ ലഭ്യമാക്കാത്ത പക്ഷം നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

## (3-11) ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം. | 0041/18 |
| അടങ്കൽ/ചെലവ് തുക | രൂ. 378350 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2017-18 സാമ്പത്തിക വർഷത്തെ ശാരീരിക മാനസികവെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (S0041/18) എന്ന പ്രോജക്ടിൽ താഴെ കാണിച്ചിരിക്കുന്ന വ്യക്തികൾ ഗുണ്യഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവരാണ്. ബഹു. കേരള ഹൈക്കോടതി 1997 ഏപ്രിൽ 4-ാം തീയതിയിലെ വിധിയിൽ (കേസ് നം, ഒ.പി. നം. 18175/1996) വ്യക്തമാക്കുന്നതുപോലെ സുതാര്യവും നീതിയുക്തവുമായ രീതിയിൽ ഗുണഭോക്താക്കളെ

തിരഞ്ഞെടുക്കേണ്ടത് നിയമപരമായ ഒരാവശ്യം കൂടിയാണ്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് സുതാര്യമായിരിക്കണം. ഇതിൽ ഉണ്ടാകുന്ന വിവേചനം കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെയും ഭരണഘടന 14-ാം അനുച്ഛേദത്തിന്റെയും ലംഘനം ആയിരിക്കുമെന്നും ഈ വിധിയിൽ വ്യക്തമായിട്ടുണ്ട്. അതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്ത ചുവടെ കാണിക്കുന്ന വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സംക്ഷൻ 3എ(ബി) യുടെയും മേൽ പ്രസ്താവിച്ച ഹൈക്കോടതി വിധിയുടെയും ലംഘനമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും, മേൽവിലാസവും | വാർഡ് നം. |
|---|---|---|
| 1. | ജോയൽ വി.ജോൺ<br>വാഴയിൽ (h), വെണ്ണിക്കുളം | 8 |
| 2. | ജോയൽ ജെയിസൺ മാത്യൂ<br>ഈട്ടിക്കൽ (h), മുണ്ടമല പി.ഓ. പുറമറ്റം | 12 |
| 3. | ജെമി സാറാ ജോയി<br>ചാപ്രത്ത് (h)<br>വെണ്ണിക്കുളം | 7 |
| 4. | ഷമിലി സൂസൻ വർഗ്ഗീസ്<br>കരിമാലിൽ<br>പുറമറ്റം | - |
| 5. | പ്രിയാ മറിയം ഫിലിപ്പ്<br>പെനിയാത്ത്- താളികല്ലുങ്കൽ വീട്<br>വെണ്ണിക്കുളം കോതകുളം | 8 |
| 6. | അനന്ത് പ്രകാശ്<br>വരിക്കാപ്പള്ളിൽ<br>പുറമറ്റം | 13 |
| 7. | റിയാൻ എസ്. കുമാർ<br>ക്രിസ്റ്റ് വില്ലാ<br>പുറമറ്റം | 12 |
| 8. | ഇമ്മാനുവൽ ബിനോ മാത്യൂ<br>മഞ്ഞാങ്കൽ വീട്<br>പുറമറ്റം | 2 |
| 9. | അനന്ത കൃഷ്ണൻ<br>ചുതരമണ്ണിങ്കൽ-കാവുങ്കൽ<br>പട്ടുതോട് പി.ഓ. | 3 |

| | | |
|---|---|---|
| 10. | സന്ധ്യാ ഗോപാലൻ<br>വരിക്കാപ്പള്ളിൽ<br>പുറമറ്റം | - |

പ്രസ്തുത പ്രൊജക്ടിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഈ 10 വ്യക്തികൾക്ക് അടുത്ത ഗ്രാമസഭയുടെ സാധൂകരണം വാങ്ങേണ്ടതാണ്. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ രേഖാമൂലം ഹാജരാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (എ,ബി) വകുപ്പിന്റെ 8.12.2014-ലെ സർക്കുലർ (നം. 4212/എബി1/14/തസ്വഭവ) പ്രകാരം സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി (ഗ്രാമസഭ കൂടാതെ) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്തതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട സെക്രട്ടറിക്കും, ഭരണസമിതി അംഗങ്ങൾക്കുമായിരിക്കും. മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം ചെലവ് തുക മേൽ പറഞ്ഞ ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## (3-12) മരുന്നു വാങ്ങൽ പ്രൊജക്ടുകൾ ലക്ഷ്യം കൈവരിക്കുന്നില്ല

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നു വാങ്ങൽ പ്രോജക്ടുകൾ പ്രകാരം മുൻകൂറായി തുക അടയ്ക്കുന്നുണ്ടെങ്കിലും മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല. ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | നിർവ്വഹണ ഉദ്യോഗസ്ഥ | ബില്ല് നം. | ബിൽ തുക | ലഭ്യമാക്കാനുള്ള മരുന്നുകൾ (തുക) |
|---|---|---|---|---|
| S0004/18<br>പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, പുറമറ്റം പി.എച്ച്.സി. | 16/17-18 dated 27.03.2018 | 1,00,000രൂപ | 1,00,000രൂപ |
| S0004/18<br>പാലിയേറ്റീവ് കെയർ | മെഡിക്കൽ ഓഫീസർ, പുറമറ്റം പി.എച്ച്.സി. | Chq. No: 4655282 dated 09.01.2018<br>ജില്ലാ പഞ്ചായത്ത് വിഹിതം | 1,50,000രൂപ | 1,50,000രൂപ |
| S0005/18<br>പി.എച്ച്.സി. യ്ക്ക് മരുന്നു വാങ്ങൽ | പി.എച്ച്.സി. യ്ക്ക് മരുന്നു വാങ്ങൽ | 08/17-18 dated 20.12.2017 | 50,000 രൂപ | 50,000 രൂപ |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതും മരുന്നു ലഭ്യമാക്കിയ ശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## (3-13) ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി-അർഹമായ ആനുകൂല്യം

## നൽകിയില്ല

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതി ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സംയുക്തപദ്ധതിയായി രൂപീകരിക്കണമെന്നും അതിന്റെ നിർവ്വഹണം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കണമെന്നും 2017-18 സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഇത് സംയുക്തപദ്ധതിയായിട്ടല്ല ആവിഷ്കരിച്ചത്. ഗ്രാമപഞ്ചായത്തിന്റെ വിഹിതം (225000രൂപ) മാത്രമാണ് പദ്ധതിക്കായി വകയിരുത്തി ചെലവഴിച്ചത്. മതിയായ ഫണ്ട് വകയിരുത്താതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയ കർഷകർക്ക് 2017 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിലെ സബ്സിഡി തുക മാത്രമാണ് വിതരണം ചെയ്യാൻ കഴിഞ്ഞത്. സംയുക്തപദ്ധതിയായി രൂപീകരിച്ച് ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം വകയിരുത്തുവാൻ ഭരണസമിതിയുടെ ഭാഗത്തുനിന്ന് ശ്രമം ഉണ്ടാകാതിരുന്നതിനാലാണ് അർഹരായ ഗുണഭോക്താക്കൾക്ക് മുഴുവൻ കാലയളവിലേക്ക് പൂർണ്ണമായി ആനുകൂല്യം ലഭിക്കാതിരുന്നത്. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ ഈ അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (3-14) അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗനവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. സാമൂഹിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18.12.2010-ലെ ഐ.സി.ഡി.എസ്. ബി-3-313/2010 കത്ത് പ്രകാരം ഓരോ 2 മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് ഫുഡ്, ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുവാനും കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ഓരോ ബാച്ച് പ്രോഡക്റ്റിന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ശിശു വികസന ഓഫിസർമാർക്കും പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. ഇതോടൊപ്പംതന്നെ 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികളിൽ നിന്നും പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്ന പോഷകാഹാരങ്ങളുടെ ഗുണ നിലവാരവും പരിശോധനാ വിധേയമാക്കുന്നതിനുമായി ഗ്രാമസഭാ യോഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല. കുട്ടികളുടെ ആരോഗ്യ പരിപാലനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ന്യൂട്രിമിക്സ് സാമ്പിളുകൾ കാലാകാലങ്ങളിൽ പരിശോധനാ വിധേയമാക്കേണ്ടതും നൽകുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് കമ്മിറ്റി അടിയന്തിരമായി രൂപീകരിക്കേണ്ടതുമാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## (3-15) അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 17 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 9 |

| | |
|---|---|
| ടോയിലറ്റ് സൗകര്യം ഉള്ളവ | 15 |
| ചുറ്റുമതിൽ ഉള്ളവ | 12 |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 13 |
| കുടിവെള്ളം ലഭ്യമായവ | 14 |
| സ്ഥലം വാങ്ങിയിട്ടും കെട്ടിടം പണിയാത്തവ | 3 |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ അധികൃതർ ശ്രദ്ധ ചെലുത്തുന്നില്ല. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പരിമിതമായ സൗകര്യങ്ങൾ മാത്രമാണുള്ളത്. 12-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, കുടിവെള്ളം, ഫർണിച്ചർ, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ പ്രാധാന്യം നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. [സ.ഉ(എം.എസ്) നമ്പർ 362/2013 ത.സ്വ.ഭ.വ, തീയതി.16.11.2013-അനുബന്ധം-1, ഖ-9-1] എന്നാൽ നാളിതുവരെ പഞ്ചായത്തിൽ ഇത് പ്രാവർത്തികമാക്കിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

## (3-16) സാന്ത്വനം പാലിയേറ്റീവ് കെയർ പദ്ധതി- അപാകതകൾ

പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.) ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുൻപും ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കേണ്ടതും ഏറ്റവും കുറഞ്ഞത് 2മാസം കൂടുമ്പോഴോ, ആവശ്യാനുസരണം ഇടവേളകളിലോ കൂടേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ നടത്തിപ്പ് വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ ആകെ 3 പ്രാവശ്യം മാത്രമാണ് (14.03.17, 17.11.17 & 26.02.18) പി.എം.സി. മീറ്റിംഗ് കൂടിയിരിക്കുന്നത്.

പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തിവരുന്ന, പി.എം.സി അംഗീകാരത്തോടെ രജിസ്റ്റർ ചെയ്ത എല്ലാ കിടപ്പുരോഗികളുടെയും വിവരങ്ങൾ നോമിനൽ രജിസ്റ്ററിൽ ചേർക്കേണ്ടതും ഇത് സമയാസമയം ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്ന് തുക ചെലവഴിക്കാൻ പാടില്ലായെന്നിരിക്കെ, വെബ്സൈറ്റിൽ ഇതു സംബന്ധിച്ച് യാതൊരു അപ്ഡേഷനും നാളിതുവരെ ചെയ്തിട്ടില്ല. ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

ചികിത്സാരീതികൾ പിന്തുടരുന്ന രോഗികൾക്ക് കഴിയുന്നിടത്തോളം അതുമായി ബന്ധപ്പെട്ട ഉപദേശ-നിർദ്ദേശങ്ങൾ നൽകുവാനും അവരുടെ പ്രത്യേക പ്രശ്നങ്ങൾ ഹോം കെയർ ബന്ധപ്പെട്ട ആയുർവ്വേദ / ഹോമിയോപ്പതി ഡോക്ടർമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അവരുടെ സേവനങ്ങൾ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒരു ഡോക്ടർ മാത്രമുള്ളതിനാൽ അലോപ്പതി ഡോക്ടറുടെ സേവനം കിടപ്പുരോഗികൾക്ക് ലഭ്യമാക്കുന്നതിന് സാധിക്കുന്നില്ല. ഈ പ്രശ്നം സാന്ത്വന പരിചരണ പദ്ധതിയുടെ വലിയ ഒരു പോരായ്മയാണ്. തീർത്തും അവശരായ രോഗികളെ ഡോക്ടർ സന്ദർശിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും അനിവാര്യമാണ്. ഇതിലേക്കായി ആയുർവ്വേദ/ഹോമിയോപ്പതി/

അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരെ മാറിമാറി നിയോഗിക്കേണ്ടതാണെന്ന് ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു.

പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നില്ല. നിലവിൽ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നുമാണ് കിടപ്പുരോഗികൾക്കുള്ള മരുന്നുകൾ വാങ്ങുന്നത്. എന്നാൽ കാലാകാലങ്ങളായി യഥാസമയം മരുന്നുകൾ ലഭിക്കുന്നില്ല. ഇത് കൃത്യമാക്കുവാൻ ഓരോ ഹോം വിസിറ്റിലും ആയുർവ്വേദ/ഹോമിയോപ്പതി/അലോപ്പതി എന്നിവിടങ്ങളിലെ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുവാനും ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും സമ്മർദ്ദം ചെലുത്തേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (3-17) ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ക്രിയാത്മകമല്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | S0130/18- ജാഗ്രതാസമിതി |
| അടങ്കൽ തുക | 10,000രൂപ (വികസനഫണ്ട്) |
| ചെലവ് തുക | 6,550രൂപ |

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന അതിക്രമങ്ങളും അവകാശ ലംഘനങ്ങളും തടയുന്നതിനും അവരുടെ അന്തസ്സും പദവിയും ഉയർത്തുന്നതിനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുകയെന്നതാണ് ജാഗ്രതാസമിതിയുടെ ലക്ഷ്യം. എന്നാൽ, പഞ്ചായത്തിൽ ഈ ലക്ഷ്യം കൈവരിക്കുന്നതിനായി നടപ്പിലാക്കിയ പ്രൊജക്റ്റ്, ലക്ഷ്യം കൈവരിച്ചില്ല. രജിസ്റ്ററുകൾ, ഫയലുകൾ, ബുക്കുകൾ, ഓഫീസ് ആക്സസറീസ് എന്നിവ വാങ്ങിയതിൽ മാത്രം പ്രവർത്തനം ഒതുങ്ങി.

1995-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164A(5) നമ്പർ വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപഞ്ചായത്തുതല ജാഗ്രതാ സമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ച് കൂട്ടേണ്ടതും, 2 യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്തിലെ ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റ് വർഷം പഞ്ചായത്തിലെ പല വാർഡുകളിലും ജാഗ്രതാസമിതിയുടെ മീറ്റിംഗ് കൂടിയിരിക്കുന്നത് ആകെ ഒന്നോ രണ്ടോ പ്രാവശ്യം മാത്രമാണ്.

പഞ്ചായത്തിരാജ്/നഗരപാലികാസ്ഥാപനങ്ങൾക്കുള്ള സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിൽ (ജി.ഒ.(എം.എസ്.)80/17-3.4.17) ഖണ്ഡിക-12.2(8)-ൽ, ജാഗ്രതാസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് M.S.W.യോഗ്യതയുള്ള ഒരു വനിതയെ കരാർ അടിസ്ഥാനത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് നിയമിക്കാവുന്നതും വേതനം നൽകാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനു സാധിക്കാത്ത സാഹചര്യമാണെങ്കിൽ തൊട്ടടുത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഇതേ ആവശ്യത്തിനു നിയമിച്ചിട്ടുള്ള കൗൺസിലറുടെ സേവനം ആവശ്യമായ സേവനം ഉപയോഗിക്കാവുന്നതുമാണ്. പഞ്ചായത്തിന് ഈ ഒരു സാധ്യത പ്രയോജനപ്പെടുത്തി ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

സ്ത്രീശാക്തീകരണത്തിനും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ മോണിറ്ററിംഗ് ഉണ്ടാകേണ്ടതാണ്.

## (3-18) മരാമത്ത് പ്രവൃത്തി- രേഖകൾ സൂക്ഷിക്കുന്നതിൽ അലംഭാവം

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം, പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു

ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാക്കുന്ന മുറയ്ക്ക് ബില്ലുകളും വൗച്ചറുകളും സഹിതം നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതുമാണ് എന്ന് 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. മസ്റ്റർ റോളിൽ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതും, എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതുമാണ്. അപ്രകാരമല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. മാത്രവുമല്ല, 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD /12/13-പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകുകയും ചെയ്തിരുന്നു.

എന്നാൽ, ഗ്രാമപഞ്ചായത്തിൽ മരാമത്തുപ്രവൃത്തികളുടെ നിർവ്വഹണത്തിൽ മേൽപറഞ്ഞ നിർദ്ദേശങ്ങൾ ഇപ്പോഴും പാലിക്കുന്നില്ല. ഉദാഹരണമായി, 33-ാം നമ്പർ അംഗൻവാടി മെയിന്റനൻസ് എന്ന പ്രവൃത്തിയിൽ (പ്രൊജക്ട് നം.SO.71/17-18) 90437രൂപ ചെലവഴിച്ച് ഗുണഭോക്തൃസമിതി കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുണ്ട്. എന്നാൽ നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ കാഷ്ബില്ലുകൾ ഹാജരാക്കിയിട്ടില്ല. വാട്ടർടാങ്ക്, പ്ലംബിംഗ് സാധനങ്ങൾ, തടി, ജി.ഐ.പൈപ്പ് മുതലായവ സാധനങ്ങൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. (ഇതിൽ ഉൾപ്പെടുന്ന വാട്ടർടാങ്കിലേക്ക് പൈപ്പ്കണക്ഷൻ നൽകിയിട്ടില്ല എന്ന് ഭൗതികപരിശോധനയിൽ വ്യക്തമായി).

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തികളിൽ പാലിക്കേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം ഉത്തരവാദിയായ അസി.എഞ്ചിനീയർ ബാധ്യസ്ഥനാകുന്നതാണ്.

## (3-19) ആശ്രയ പദ്ധതി -പ്രവർത്തനം ഫലപ്രദമല്ല

നിരാശ്രയരും നിരാലംബരുമായ കുടുംബങ്ങളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ച ആശ്രയ പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ രണ്ട് ആശ്രയ പദ്ധതി പ്രകാരം ലക്ഷ്യമിട്ടതും പൂർത്തീകരിച്ചതുമായ പ്രവർത്തനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. (ഓഡിറ്റ് എൻക്വയറി നം 23/03.12.2018 ന് സി.ഡി.എസ്സ് മെമ്പർ സെക്രട്ടറി നല്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് )

| ഇനം | ഒന്നാം ഘട്ട പ്രോജക്ട് | | രണ്ടാം ഘട്ട പ്രോജക്ട് | |
|---|---|---|---|---|
| | സേവനം ആവശ്യമായവരുടെ എണ്ണം | സേവനം ലഭിച്ചവരുടെ എണ്ണം | സേവനം ആവശ്യമായവരുടെ എണ്ണം | സേവനം ലഭിച്ചവരുടെ എണ്ണം |
| പ്രോജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ | 114 | 114 | 146 | 146 |

| | | | | |
|---|---|---|---|---|
| ഭക്ഷണം | - | - | 146 | 146 |
| ചികിത്സ | - | - | 117 | |
| വിദ്യാഭ്യാസം | 25 | 25 | 29 | 29 |
| വീട് വയ്ക്കാൻ സ്ഥലം | - | - | 6 | 1 |
| വീട് | - | - | 13 | 2 |
| വീട് അറ്റകുറ്റപ്പണി | 9 | 9 | 14 | - |
| തൊഴിൽ | - | - | 3 | 1 |

മുകളിൽകൊടുത്ത സ്ഥിതി വിവര കണക്കുകളിൽനിന്ന് ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ പ്രവർത്തനം തൃപ്തികരമല്ല എന്ന് വ്യക്തമാകുന്നു. വീടുവയ്ക്കാൻ സ്ഥലം, വീട്, വീടിന് അറ്റകുറ്റപ്പണി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി വിഭാവനം ചെയ്യുന്ന പ്രോജക്ടുകളുടെ ആദ്യ ഗുണഭോക്താക്കളായി ആശ്രയ പദ്ധതിയിലുൾപ്പെട്ടവരെ ഉൾപ്പെടുത്തിയാണ് അവരുടെ ആവശ്യങ്ങൾ നിറവേറ്റേണ്ടത്. അതുകൊണ്ട് തന്നെ പ്രോജക്ട് ആരംഭിച്ച ആദ്യ വർഷങ്ങളിൽതന്നെ ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാനസൗകര്യങ്ങൾ നിറവേറ്റപ്പെടേണ്ടതായിരുന്നു. എന്നാൽആശ്രയ പദ്ധതിയിലുൾപ്പെട്ടവർക്ക് പ്രത്യേകം പ്രോജക്ടുകൾ വിഭാവനം ചെയ്ത് പരിമിതമായ ഫണ്ട് വകയിരുത്തുന്ന രീതി അവലംബിക്കുന്നതിനാൽ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിന് മുമ്പ് തന്നെ അതിലും ഉയർന്ന മറ്റ് വിഭാഗങ്ങൾക്ക് ധനസഹായം ലഭ്യമാവുന്നുണ്ട്. ഇതിന്റെ ഫലമായി ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരുന്നുണ്ട്.

ആശ്രയ പദ്ധതിയിൽ 185 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. 2017-18 വർഷം ചലഞ്ച് ഫണ്ടിൽ നിന്നും ഭക്ഷണച്ചെലവ് ഇനത്തിൽ 674676 രൂപയും പഠന സഹായ ഇനത്തിൽ 19530 രൂപയുമാണ് ചെലവഴിച്ചത്. വികസന ഫണ്ടിൽ നിന്നും 441650 രൂപ തൻ വർഷം ലഭിച്ചെങ്കിലും നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല. ആശ്രയ അക്കൗണ്ടിൽ നിലവിൽ 1208661രൂപ അവശേഷിക്കുന്നുണ്ട്. കുടുംബശ്രീ സി.ഡി.എസിന്റെ സജീവ പങ്കാളിത്തത്തോടെ ആശ്രയ പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മറ്റികളും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 7.12.17 | 1,20,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S.41/17-18) | 1,20,000 | 0 | തുക അടുത്തവർഷം ചെലവഴിച്ചു |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 24.3.18 | 1,00,000 | പാലിയേറ്റീവ് കെയർ (S.4/17-18) | 0 | 1,00,000 | ,, |
| ബ്ലോക്ക് പഞ്ചായത്ത് | 31.3.18 | 5,00,000 | മിനി ഹൈമാസ്റ്റ് ലൈറ്റ് (S.158/17-18) | 0 | 5,00,000 | 2018-19-ൽ സ്പിൽ ഓവർ ആക്കി |
| ജില്ലാ പഞ്ചായത്ത് | 30.10.17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S.41/17-18) | 1,00,000 | 0 | തുക അടുത്തവർഷം ചെലവഴിച്ച |
| ജില്ലാ പഞ്ചായത്ത് | 30.10.17 | 1,50,000 | പാലിയേറ്റീവ് കെയർ (S.4/17-18) | 1,50,000 | 0 | തുക അടുത്തവർഷം ചെലവഴിച്ച |
| ജില്ലാ പഞ്ചായത്ത് | 30.10.17 | 4,25,000 | നെൽകൃഷി വികസന പദ്ധതി (S.38/17-18) | 4,25,000 | 0 | ,, |

## (4-2) ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| പ്രൊജക്ട് | നിക്ഷേപിച്ച സ്ഥാപനം | തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| S.51/17-18- വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 1,57,049 | ബിൽനം.20/14.11.17 |
| S.52/17-18- മൂന്നാം വാർഡിലെ അംഗൻവാടി സ്ഥലത്തെ ഇലക്ട്രിക് ലൈൻ മാറ്റി സ്ഥാപിക്കൽ. | കെ.എസ്.ഇ.ബി | 67,745 | ബിൽ നം.8/26.7.17 |
| S.179/17-18- മൂന്നാം വാർഡിലെ 123-ാം നമ്പർ | കെ.എസ്.ഇ.ബി | 47,250 | ചെക്ക് നം.2286520/ 29.3.18 |

| | | | |
|---|---|---|---|
| അംഗൻവാടി വൈദ്യുതീകരണം. | | | |
| S.62/17-18-ചേലയ്ക്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ (എസ്.സി.പി) | വാട്ടർ അതോറിറ്റി | 1,00,000<br>1000 | ബിൽ നം. 558886/23.10.17<br>ബിൽ നം. 751767/23.1.18 |
| SO.143/17-18-പുല്ലേലിമല കോളനിയിൽ കുടിവെള്ള കണക്ഷൻ | വാട്ടർ അതോറിറ്റി | 13,000 | ബിൽ നം. 751768/23.1.18 |

പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## (4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## (4-4) വായ്പ / വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഓ (പി) 1031/10/ 25.3.2010 | 77,97,500 | 19,27,125 | 8,05,000 | - | 11,22,125 |

## (4-5) സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## (4-6) ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്, വിലാസം/ഉദ്യോഗപ്പേര് | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2012-13 | 3-3(2) | 427 | ശ്രീ.ജിജി മാത്യു, മുൻ പ്രസിഡന്റ് | 117020103191/3.1.18 |
| 2015-16 | 3-4 | 3000 | ശ്രീ.ശശിധരൻ.റ്റി.എൻ, അരീക്കുഴിയിൽ | 117020100799/30.6.17 |
| ,, | ,, | 2000 | ,, | 117020101110/5.8.17 |
| ,, | ,, | 1000 | ,, | 117020103606/1.2.18 |
| ,, | ,, | 1000 | ,, | 117020104205/5.3.18 |

| | | | | |
|---|---|---|---|---|
| | ആകെ | 7427രൂപ | | |

## (4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം-3 | മൊബൈൽ ടവറുകളുടെ വസ്തുനികുതി | നികുതി ഈടാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി അറിയിച്ചു |

## (4-8) ചാർജ് /സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## (4-9) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ, റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | 3,73,72,463 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,48,04,542 |
| വരവിനങ്ങളിലുള്ള നഷ്ടം | 19192 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32988 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 398263 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 15692 | | ശ്രീ.അശോക്.സി, സെക്രട്ടറി |
| 2-3 | 3500 | | ശ്രീ.അശോക്.സി, സെക്രട്ടറി |
| 3-3 | | 31238 | ശ്രീ.അശോക്.സി, സെക്രട്ടറി |
| 3-10 | | 1750 | ശ്രീമതി. എ.കെ. പൊന്നമ്മ, ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്. വട്ടക്കോട്ടാൽ |
| ആകെ | 19192 | 32988 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 272044<br>114000 | ശ്രീ.അശോക്.സി, സെക്രട്ടറി<br>ശ്രീ.സുരേഷ് ബാബു.ജി, അസി.സെക്രട്ടറി |
| 3-7 | 12219 | ശ്രീ.അശോക്.സി, സെക്രട്ടറി |
| ആകെ | 398263 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക |
|---|---|
| - ഇല്ല - | |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരവിലാസം | ഓഡിറ്റ് വേളയിലെ വിലാസം |
|---|---|---|
| ശ്രീ.അശോക്.സി, സെക്രട്ടറി | കാർത്തികപ്പള്ളിൽ വീട്,<br>പോങ്ങുംമൂട്,<br>മെഡിക്കൽ കോളജ്.പി.ഓ,<br>തിരുവനന്തപുരം-695011 | സെക്രട്ടറി,<br>പുറമറ്റം ഗ്രാമപഞ്ചായത്ത് |
| ശ്രീമതി. എ.കെ. പൊന്നമ്മ, ഹെഡ്മിസ്ട്രസ് | കൊച്ചുപറമ്പിൽ വീട്, കുമ്പനാട് പി.ഒ | ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്. വട്ടക്കോട്ടാൽ |

# (4-10) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും, തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1. | 2001-02 ജനകീയാസൂത്രണം | എൽ.എഫ്.പി.റ്റിഎ.പി3-45/04 തീയതി<br>06.05.04/12.07.04 | 2 |
| 2. | 2001-02 (വരവ്) | എൽ.എഫ്.പി.റ്റിഎ.പി5-780/11 തീയതി<br>27.06.11 / 07.12.13 | 2 |
| 3. | 2001-02 (ചെലവ്) | എൽ.എഫ്.പി.റ്റിഎ.പി3-724/05 തീയതി | 4 |

| ക്രമ നം. | ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും, തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| | | 23.03.06 / 05.05.2006 | |
| 4. | 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റിഎ.പി5-588/07 തീയതി<br>13.02.2008 | 18 |
| 5. | 2003-04 | എൽ.എഫ്.പി.റ്റിഎ.പി7-355/10തീയതി<br>04.10.10 | 8 |
| 6. | 2004-05 | എൽ.എഫ്.പി.റ്റിഎ.പ7-356/10 തീയതി<br>04.10.10 | 11 |
| 7. | 2005-06 | എൽ.എഫ്.പി.റ്റിഎ.പി5-1094/11 തീയതി<br>06.12.11/07.12.2013 | 19 |
| 8. | 2008-09 | എൽ.എഫ്.പി.റ്റിഎ.പി5-404/12 തീയതി<br>20.09.2011/29.11.2012 | 6 |
| 9.. | 2009-10 | എൽ.എഫ്.പി.റ്റിഎ.പി5-405/12 തീയതി<br>02.08.14/09 | 4 |
| 10. | 2010-11 | എൽ.എഫ്.പി.റ്റിഎ.പി5-406/12 തീയതി<br>07.06.2012/03.04.14 | 9 |
| 11. | 2011-12മുതൽ<br>2012-13 വരെ | എൽ.എഫ്.പി.റ്റിഎ.പി8-149/14 തീയതി<br>24.04.14/14.11.14 | 9 |
| 12. | 2013-14 | എൽ.എഫ്.പി.റ്റിഎ.പി8-572/15 തീയതി<br>08.07.2015 | 12 |
| 13. | 2014-15 | കെ.എസ്.എ.പി.റ്റി.എ.പി8-749/16 തീയതി 16.07..2016 | 9 |
| 14. | 2015-16 | കെ.എസ്.എ.പി.റ്റി.എ.പി8-1359/16 തീയതി 24.12.2016 | 20 |
| 15. | 2016-17 | കെ.എസ്.എ.പി.റ്റി.എ.പി8-1131/17 തീയതി 04.10.2017 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# ANNEXURE - I

# CERTIFICATE

No.KSA.PTA.P8/157418 Date:15.12.2018

Certified that I have examined the Annual Financial Statement of Puramattom Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Puramattom Grama Panchayat for the year 2017-18 except the observations in para 1-13 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G)

Kerala State Audit Department

Pathanamthitta

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി8/1574/18 തീയതി 15.12.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട